**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 374** **08-06-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഇവയിൽ നിലവിൽ ലാഭത്തിൽ/നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാമെന്നും തരം തിരിച്ച് വ്യക്തമാക്കുമോ; | (എ) | വ്യവസായ വകുപ്പിന്റെ അധീനതയിൽ നിലവിൽ സഹകരണ സ്പിന്നിംഗ് മില്ലുകൾ ഉൾപ്പെടെ 45 പൊതുമേഖലാസ്ഥാപനങ്ങളാണുള്ളത്. ഇവയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ഉയർത്തികൊണ്ടുവന്ന് സ്വയം പര്യാപ്തത കൈവരിക്കുവാൻ എന്തൊക്കെ നടപടികളാണ് സമയബന്ധിതമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലകൾ, മുൻകാല പ്രവർത്തനങ്ങൾ, നിലവിലെ സ്ഥിതി, ഭാവി പദ്ധതികൾ എന്നിവയെ സംബന്ധിച്ച് മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും അതാത് മേഖലകളിൽ മത്സരക്ഷമതയുള്ളവയായി മാറ്റുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ടി സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം, ധനപരമായ പുനഃസംഘാടനം എന്നീ പദ്ധതികളോടൊപ്പം വാർഷിക പെർഫോമൻസ് ടാർജറ്റ് ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. ഭാവിയിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നത് ഇതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കോർ ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള ഉൽപ്പന്നങ്ങൾക്ക് പുറമെ അനുയോജ്യമായ വൈവിദ്ധ്യവത്ക്കരണ പദ്ധതികളും തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പനി |

| | | | |
|---|---|---|---|
| | | | തലത്തിലുള്ള മാസ്റ്റർ പ്ലാനുകൾ 2021 ജൂലൈ മാസത്തോടു കൂടി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഓരോ പൊതുമേഖലാസ്ഥാപനവും അവരവരുടേതായ രീതിയിലാണ് നിയമനങ്ങൾ നടത്തുന്നതെന്ന വസ്തുത പരിശോധിക്കുവാനും അതിൽ എന്തെങ്കിലും മാറ്റം വരുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | നിലവിൽ പി.എസ്.സി യ്ക്ക് വിട്ടിട്ടുള്ള തസ്തികകൾ ഒഴികെയുള്ള തസ്തികകളിലെ നിയമനങ്ങൾ കമ്പനികൾ നേരിട്ടാണ് നടത്തിവരുന്നത്. പ്രസ്തുത നിയമനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി പി.എസ്.സിക്ക് വിട്ടിട്ടുള്ള തസ്തികകൾ ഒഴികെയുള്ള തസ്തികകളിലെ നിയമനങ്ങൾക്കായി പുതിയതായി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് അതുവഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ 31.03.2021 പ്രകാരമുള്ള ലാഭത്തിൽ/നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ ലിസ്റ്റ്

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| **പ്രവർത്തന ലാഭത്തിലുള്ള സ്ഥാപനങ്ങൾ** | |
| 1 | കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് |
| 2 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് |
| 3 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 4 | മലബാർ സിമെന്റ്സ് ലിമിറ്റഡ് |
| 5 | കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് |
| 6 | സ്റ്റീൽ ആന്റ് ഇൻസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് |
| 7 | സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് |
| 8 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 9 | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 10 | കേരള സിറാമിക്സ് ലിമിറ്റഡ് |
| 11 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് |
| 12 | കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 13 | കെ.കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 14 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 15 | പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 16 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 17 | കെ.എസ്.ഐ.ഡി.സി |
| 18 | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രസ്ട്രകച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ |

| | |
|---|---|
| **പ്രവർത്തന നഷ്ടത്തിലുള്ള സ്ഥാപനങ്ങൾ** | |
| 1 | കേരള സംസ്ഥാന പന ഉത്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് (കെൽപാം) |
| 2 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 3 | മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| 4 | ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |

| | |
|---|---|
| 5 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| 6 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 7 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| 8 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് |
| 9 | കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 10 | ട്രിച്ചൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 11 | സെയിൽ - എസ്.സി.എൽ കേരള ലിമിറ്റഡ് |
| 12 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് |
| 13 | കെ.സി.സി.പി.ലിമിറ്റഡ് (കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് ലിമിറ്റഡ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന സ്ഥാപനം) |
| 14 | ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 15 | ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡ് |
| 16 | കേരള കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡ് |
| 17 | കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (സിഡ്കോ) |
| 18 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് |
| 19 | ട്രാൻസ്ഫോമേഴ്സ് ആന്റ് ഇലട്രിക്കൽസ് കേരള ലിമിറ്റഡ് |
| 20 | കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഹാന്റക്സ്) |
| 21 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |
| 22 | കേരള സ്റ്റേറ്റ് ഹാൻഡ് ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ഹാൻവീവ്) |
| 23 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് |
| 24 | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് |
| 25 | ആട്ടോകാസ്റ്റ് ലിമിറ്റഡ് |
| 26 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |

**ലാഭ നഷ്ടക്കണക്കുകൾ ബാധകമല്ലാത്ത സ്ഥാപനം**

| | |
|---|---|
| 1 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ് (കേരള കോ-ഓപ്പറേറ്റീവ്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംസ്ഥാന സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളുടെയും പവർ ലൂം സഹകരണ സംഘങ്ങളുടെയും അപ്പകസ് ഫെഡറേഷനാകയാൽ ലാഭ നഷ്ടക്കണക്കുകൾ ബാധകമല്ല) |